"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം - കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തൃശ്ശൂർ IASE - ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലിയിലിരിക്കെ മരണപ്പെട്ട ശ്രീ.വർഗ്ഗീസ്.പി - യുടെ മകൻ ശ്രീ.വിക്സൺ.പി.വർഗ്ഗീസ് - ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മെക്കാനിക്കൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ /ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്2/ഡെമോൺസ്ട്രേറ്റർ /ഇൻസ്ട്രക്ടർ ഗ്രേഡ് 2 തസതികയിലേക്ക് നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.369/2024/HEDN തീയതി,തിരുവനന്തപുരം, 13-06-2024

---

പരാമർശം:-

1. സ.ഉ(പി) നം.12/99/പി&എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീ.വിക്സൺ.പി.വർഗ്ഗീസ് ന്റെ 24.01.2022— ലെ അപേക്ഷ.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 05.02.2022 - ലെ സി4/3644/2022/കോ.വി.വ നം.കത്ത്.
4. തൃശ്ശൂർ ജില്ലാ കളക്ടറുടെ 28.07.2022 തീയതിയിലെ എ6-2524/2022 നമ്പർ കത്ത്

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തൃശ്ശൂർ IASE - ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലിയിലിരിക്കെ 15-05-2021 ൽ മരണപ്പെട്ട ശ്രീ.വർഗ്ഗീസ്.പി - യുടെ യുടെ മകൻ ശ്രീ.വിക്സൺ.പി.വർഗ്ഗീസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ (polytechnic lecturer/instructor mechanical തസ്തികയിൽ) statewide നിയമനം നൽകുന്നതിനുള്ള അപേക്ഷ പരമാർശം 3 ലെ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപേക്ഷയോടൊപ്പം പരേതനായ ശ്രീ.വർഗ്ഗീസ്.പി - യുടെ മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ അസൽ പകർപ്പുകൾ, സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, വാർഷിക കുടുംബ വരുമാന സാക്ഷ്യപത്രം, അനന്തരാവകാശികളുടെ സമ്മതപത്രം തുടങ്ങിയ രേഖകൾ ഉൾപ്പെടെ പരാമർശം 1 — ലെ ഉത്തരവിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽതന്നെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. പരേതനായ ശ്രീ.വർഗ്ഗീസ്.പി - യുടെ സേവന സാക്ഷ്യപത്ര പ്രകാരം ടിയാളുടെ ജനനത്തീയതി 02/05/1965 — ഉം മരണത്തീയതി 15/05/2021 — ഉം സേവനത്തിൽ പ്രവേശിച്ച തീയതി 14/05/2014 — ഉം

ആണ്. പരേതന്റെ സേവനകാലം 7 വർഷം ആണ്.

4. ശ്രീ.വിക്സൺ.പി.വർഗ്ഗീസ് - ന് ജോലി നല്കുന്നതിന് സമ്മതമാണെന്ന് കാണിച്ച് അനന്തരാവകാശ സാക്ഷ്യപത്രത്തിലുള്ള അർഹരായ അവകാശികൾ സമ്മതപത്രം നല്കിയിട്ടുണ്ട്. മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതരിൽ മറ്റാരും തന്നെ ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നു ത്യൃശ്ശൂർ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകനായ ശ്രീ.വിക്സൺ.പി.വർഗ്ഗീസ് അടങ്ങിയ കുടുംബത്തിന്റെ കുടുംബവാർഷിക വരുമാനം 48000/- (നാൽപത്തെട്ടായിരം രൂപ മാത്രം) രൂപയാണ്. ശ്രീ.വിക്സൺ.പി.വർഗ്ഗീസ് - ന്റെ ജനനത്തീയതി 24/07/1993 ആണ്. B.Tech (Mechanical Production Engineering) യോഗ്യത നേടിയിട്ടുള്ള അപേക്ഷകന് പോളിടെക്നിക് ലക്ചറർ (മെക്കാനിക്കൽ), ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ, വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ എന്നീ തസ്തികകളിൽ നിയമനത്തിന് യോഗ്യതയുണ്ട്.

5. മരണപ്പെട്ട ശ്രീ.വർഗ്ഗീസ്.പി - യുടെ യുടെ മകൻ ആണ് ശ്രീ.വിക്സൺ.പി.വർഗ്ഗീസ് — എന്നും ആശ്രിത നിയമനത്തിനായി യോഗ്യതയുണ്ടെന്നും ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്നും പരമാർശം - 4 ലെ കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

6. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം - 1 ലെ സർക്കാർ ഉത്തരവിലെയും ആയതിന്റെ ഭേദഗതികളിലേയും വ്യവസ്ഥകൾക്ക് വിധേയമായി തൃശ്ശൂർ IASE - ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലിയിലിരിക്കെ 15-05-2021 ൽ മരണപ്പെട്ട ശ്രീ.വർഗ്ഗീസ്.പി യുടെ മകൻ ശ്രീ.വിക്സൺ.പി.വർഗ്ഗീസ് - ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ Mechanical വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ /ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്2/ഡെമോൺസ്ട്രേറ്റർ /ഇൻസ്ട്രക്ടർ ഗ്രേഡ് 2 തസ്തികയിലേക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സാങ്കേതിക വിദ്യാഭാസ ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

7. പരാമർശം 1 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നേരിട്ടുള്ള നിയമനത്തിനുള്ള അതേ നടപടിക്രമങ്ങൾ പാലിച്ച് ടിയാൾ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ടിയാളുടെ ഐഡന്റിറ്റി തെളിയിക്കുന്നതിനുള്ള ആധാർ കാർഡ്/ഐഡന്റിറ്റി കാർഡ്, ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, സിവിൽ സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ പ്രാക്ടീഷണറിൽ നിന്നുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം ശ്രീ.വിക്സൺ.പി.വർഗ്ഗീസ് - ന് നിയമന ഉത്തരവ് സാങ്കേതിക വിദ്യാഭാസ ഡയറക്ടർ പുറപ്പെടുവിക്കേണ്ടതും ടിയാൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

8. പരേതനായ ശ്രീ.വർഗ്ഗീസ്.പി - യുടെ സേവനപുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നല്കിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്. ആയത് ഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

9. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നല്കുന്ന സമയത്തോ തെറ്റായ വിവരം നല്കുകയോ, യഥാർത്ഥ വിവരം മറച്ചുവയ്ക്കുകയോ ചെയ്ത് ആശ്രിത നിയമനം കരസ്ഥമാക്കിയതായി ഭാവിയിൽ ബോധ്യപ്പെട്ടാൽ ടിയാളുടെ നിയമനം സർക്കാർ റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സിനി .ജെ .ഷുക്കൂർ**

**അഡീഷണൽ സെക്രട്ടറി**

ശ്രീ.വിക്ലൺ.പി.വർഗ്ഗീസ്, പുലിക്കോട്ടിൽ ഹൗസ്, ചിറ്റിലപ്പിള്ളി പി.ഒ, തൃശ്ശൂർ, കേരളം (By Registered Post with A/D)

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (By Registered Post with A/D)

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (By Registered Post with A/D)

ജില്ലാ കളക്ടർ, തൃശ്ശൂർ (By Registered Post with A/D)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം

പൊതുഭരണ (CE Cell) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (F1/36/2022-HEDN)

ഉത്തരവിൻ പ്രകാരം

Signed by

Asoka Kumari. L

സെക്ഷൻ ഓഫീസർ

Date: 13-06-2024 14:52:09